# ചുവന്ന കേരളം

എം. എൻ. കാരശ്ശേരി



ചുവന്ന കേരളം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Sunset over the Fjord, a painting by Adelsteen Normann (1848–1918). The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചുവന്ന കേരളം

കേരളത്തിന്റെ നിറമെന്താണ്? പച്ചയോ ചുവപ്പോ?

നാടുകൾക്കും ജനതകൾക്കുമൊക്കെ ഇങ്ങനെ എതെങ്കിലുമൊരു വർണ്ണത്തിന്റെ മുദ്ര ചാർത്തിക്കൊടുക്കാനാകുമോ എന്ന് സംശയിക്കുന്നവരുണ്ടാകാം. ആകുമെന്നാണ് തോന്നുന്നത്. അറബികൾക്ക് പച്ചയോട്ട് വല്ലാത്ത മമതയാണ്. ഇസ്ലാം പച്ചയാണല്ലോ. തീ പാറുന്ന മരുഭൂമിയിലെ അലച്ചിലിൽ അകലെക്കാണുന്ന ഇളംപച്ചപോലും അറബികൾക്ക് കുളിരും ആശ്വാസവുമായിരിക്കണം. നിലാവുള്ള രാത്രികളിൽ ആകാശത്ത് തെളിയുന്ന ചന്ദ്രക്കല അവർക്ക് അങ്ങനെ സ്വന്തം സംസ്ക്കാരത്തിന്റെ ചിഹ്നമായിത്തീർന്നു. എന്നാൽ നൂറ്റാണ്ടുകളായി കാർഷികവൃത്തി തുടരുന്ന ഭാരതീയർക്ക് സൂര്യൻ സമുദ്രത്തിലാഴുന്നത് ദുഃഖകരമായിരുന്നു. സൂര്യക്ഷേത്രം പണിത് ആദിത്യനമസ്ക്കാരം ചെയ്താണല്ലോ നാം ഇവിടെ പ്രഭാതങ്ങളെ തുയിലുണർത്തിയിരിക്കുന്നത്. അതുകൊണ്ട് പ്രഭാതരശ്മിയുടെയും പശിമയുള്ള മണ്ണിന്റെയും നിറമായ കാവി ഭാരതീയമനസ്സിന് ഉടയാടയായും തീർന്നു.

അങ്ങനെ നോക്കുമ്പോൾ കേരളത്തിനും ഒരു പ്രത്യേകവർണ്ണത്തോട് ആഭിമുഖ്യം ഉണ്ടാവുക അസ്വാഭാവികമല്ല. ആ നിറം തൊലിപ്പുറമെ കാണുന്ന പച്ചയേക്കാൾ അകത്തോടുന്ന ചുവപ്പാണ് എന്ന് എനിക്ക് തോന്നുന്നു.



ഇടശ്ശേരി


കേരളീയന്റെ മതാചാരങ്ങൾ നോക്കുക: പട്ടുടുത്ത കാളിയാണ് പണ്ടു മുതലേ അവന്റെ ആരാധനമൂർത്തി. കാളിയോടും മറ്റ് രൗദ്രദേവതകളോടും ഏറ്റവുമധികം ബന്ധപ്പെട്ട നിറം ചുവപ്പാണല്ലോ. ആരാധനയോട്ട് ബന്ധപ്പെട്ട നിരവധി കാര്യങ്ങളിൽ കേരളീയന് ചുവപ്പുണ്ട്. 'ചൊകചൊകെച്ചുകപ്പുടുത്ത് നൃത്തമാടുന്ന അമ്മ'യെപ്പറ്റിയും 'ചോപ്പുകൾ മീതെ ചാർത്തിയരമണി കെട്ടിയ പൂത'ത്തെപ്പറ്റിയും ഇടശ്ശേരി പാടുന്നു. ചെമ്പട്ടും തെച്ചിപ്പൂവും കേരളീയാരാധനയുടെ മുഖ്യമായൊരു ഭാഗമാണ്. ഉറഞ്ഞുതുള്ളുന്ന കോമരത്തിന്റെ വേഷം ചോപ്പും വാളുമാണ്. കുട്ടികളുടെ ഭാഷയിൽ കോമരം 'ചോപ്പൻ' തന്നെ. മലയാളക്കരയിലെ കുരുതി നോക്കൂ. കുരുതി എന്ന വാക്കിനു തന്നെ രക്തം, ചുവന്നത് എന്നൊക്കെ അർത്ഥമുണ്ട്. അതു പോരാഞ്ഞ് നാം 'ചെങ്കുരുതി' തന്നെ നടത്തിക്കളയുന്നു! ദേവീക്ഷേത്രങ്ങളിൽ രക്തപുഷ്പാഞ്ജലി പ്രധാനമായൊരു ആരാധനയാണ്. ശബരിമലയിലെ മാളികപ്പുറത്തമ്മക്ക് നാം 'ചുവപ്പ്' കൊടുക്കുന്നു. ഉത്തര കേരളത്തിലെ ശ്രീകുരുംബ (ചീർമ്പ) ഭഗവതിയുടെ കാവുകളിൽ 'ചുവപ്പ് ഒപ്പിക്കുക' എന്നൊരു ചടങ്ങുണ്ട്. പൂരത്തിനു പൂവിടുമ്പോൾ കാമദേവനെ ചമയ്ക്കാൻ ചുവന്ന മുരിക്കിൻപൂവാണ് മലബാറുകാരൻ തെരഞ്ഞെടുക്കുന്നത്. കർണ്ണാടകത്തിലെ പുരോഹിതൻ മഞ്ഞയുടുക്കുമ്പോൾ നമ്മുടെ മന്ത്രവാദി ചുവപ്പ് ഉടുക്കുന്നു. മന്ത്രവാദവുമായി ബന്ധപ്പെട്ട കർമ്മങ്ങൾക്ക് മിക്കതിനും ചോരപ്പൂക്കൾ തന്നെ വേണം. ശവത്തിന് ബന്ധുക്കൾ പട്ടിടണം എന്നുണ്ട്. പട്ട് എന്ന വാക്ക് മലയാളി ഉപയോഗിക്കുമ്പോൾ അതിന് ചുവന്ന വസ്ത്രം എന്നു മാത്രമേ അർത്ഥമുള്ളൂ.

ചോപ്പിനോടുള്ള മമത ഇവിടത്തെ നാടൻ കലാരൂപങ്ങളിലും ആഘോഷങ്ങളിലും നിറന്നു കത്തുന്നു. തെയ്യം, തിറ, മുടിയേറ്റ് തുടങ്ങിയവയിലെ വേഷവിതാനം ചുവപ്പിൽ മുങ്ങിയതാണ്. ശക്ത്യാരാധനയുമായി ബന്ധപ്പെട്ട ചുവന്ന ചെക്കിപ്പൂവ് മേലാസകലം അണിയുന്ന തെയ്യച്ചമയം ഇതിന്ന് ഉദാഹരണം. നാടൻകലകളിലെന്നപോലെ മറ്റ് കലാരൂപങ്ങളിലും ഇവിടെ ചുവപ്പിന് നല്ല സ്ഥാനമുണ്ട്. കഥകളി നോക്കൂ: മിക്ക വേഷങ്ങളിലും നല്ലവണ്ണം ചുവപ്പുണ്ട്. പോരാത്തതിന് 'ചുവന്ന താടി' എന്നൊരു വേഷവും!

തൊട്ട അയൽപ്രദേശമായ തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും പല നാടൻകലകളിലും മുന്നിട്ടു നില്ക്കുന്ന നിറം ചോപ്പല്ല. മഞ്ഞൾ തേച്ച് മുഖം ഭംഗിയാക്കുന്ന തമിഴത്തികളുടെ കരയാട്ടത്തിലും കർണ്ണാടകക്കാരുടെ യക്ഷഗാനത്തിലുമൊക്കെ മഞ്ഞയാണ് മുന്തിനിൽക്കുന്നത്.

കേരളീയന് ചുവപ്പ് സൗന്ദര്യമാണ് എന്നൊരടിസ്ഥാനസങ്കല്പം തന്നെയുണ്ട്. 'ഭംഗിയായി' എന്ന അർത്ഥത്തിൽ നാം ഉപയോഗിച്ചിരുന്ന 'ചെമ്മേ' 'ചെഞ്ചെമ്മേ' എന്നീ പദങ്ങൾ അത് സൂചിപ്പിക്കുന്നു. ചുവപ്പ് നിറം നല്കാൻ കഴിവുള്ള അരക്ക് അലങ്കാരവസ്തുവായി മാറുന്നത് അങ്ങനെയാണ്. 'ചെമ്മ്' എന്ന വാക്കിന് ചെമപ്പുനിറം എന്ന അർത്ഥത്തിനു പുറമെ ഭംഗി, നന്മ, ശ്രേയസ്സ്, അനുഗ്രഹം, ശ്രേഷ്ഠത എന്നെല്ലാം അർത്ഥമുണ്ട് (ശബ്ദതാരാവലി). ഇപ്പറഞ്ഞ ഗുണങ്ങളെയെല്ലാം ചോപ്പിനോട് ബന്ധിപ്പിച്ചാണ് മലയാളി മനസ്സിലാക്കുന്നത്. അലങ്കാരത്തിനുള്ള തെങ്ങ് ചെന്തെങ്ങാണ്, നല്ല തേൻ ചെന്തേനും. അസ്സൽ നിറമുള്ള പൊന്നിന് ചെമ്പൊന്ന് എന്നാണ് പേര്. നല്ല ഇനം പഞ്ഞി ചെമ്പഞ്ഞിയും മുന്തിയ തരം മുരിങ്ങ ചെമ്മുരിങ്ങയുമത്രെ.

വീടുണ്ടാക്കാൻ പണ്ടുമുതലേ മലയാളി ഉപയോഗിച്ചുപോന്നിരുന്നത് ചെങ്കല്ലാണ്. അതിനു മുമ്പ് ചെമ്മണ്ണും. വെളുത്ത മണ്ണ് തേച്ച ചുമരും നിലവുമൊക്കെ വീണ്ടും ചെമ്മണ്ണ് തേച്ച് ഭംഗിപ്പെടുത്തിയ കേരളീയ ഗൃഹങ്ങൾ നോക്കുക. ഓടുകളുടെ ചുവന്ന മുടിയുമായി നിൽക്കുന്ന ഇന്നത്തെ ഭവനങ്ങളിലും അവയുടെ ഗേറ്റുകളിലുമൊക്കെ ഏറി നില്ക്കുന്നത് ചെഞ്ചായമാണ്.



ജി. കുമാരപിള്ള

അസ്തമയത്തിന്റെ ചുവപ്പുരാശിയേയും അംഗനമാരുടെ കവിൾത്തടത്തിന്റെ അരുണിമയേയും പൂക്കളുടെ ശോണസൗന്ദര്യത്തെയും കേരളത്തിലെ കവികൾ എന്നും വാഴ്ത്തിപ്പോന്നിട്ടുണ്ട്. ചുവപ്പിന്റെ വൈവിധ്യത്തെയും അവ ഓരോന്നിലും തുടിക്കുന്ന ഭംഗിയേയും പറ്റി മാത്രം 'ചുവപ്പിന്റെ ലോകം' എന്ന പേരിൽ ജി. കുമാരപിള്ള കവിത രചിക്കുകയുണ്ടായി. പച്ചയുടെ കാമുകനായ ചങ്ങമ്പുഴപോലും ആ നിറത്തെ വാഴ്ത്താൻ വേണ്ടി എഴുതിയ 'പച്ച' എന്ന കവിതയിൽ "മങ്കമാർ തൻ തളിർച്ചുണ്ടിലും നെറ്റിയിൽ കുങ്കുമപ്പൊട്ടിലും ചെന്നണഞ്ഞ് മംഗളസൂചകമായി"ത്തീർന്ന ശോണവർണ്ണത്തെപ്പറ്റി പാടുന്നു. "ചൊഞ്ചൊടി"കളെപ്പറ്റിയും "ചെഞ്ചോരിവാ"യകളെ പ്പറ്റിയും എഴുതപ്പെട്ട നൂറുകണക്കിന് വരികൾ അവയുടെ പരാമർശം അസാദ്ധ്യമാക്കിത്തീർക്കുന്നു. വെറ്റില മുറുക്കി ചുണ്ടും വായും ചോപ്പിക്കുന്ന കേരളവനിതകൾ അഴകിന്റെ ഈ രഹസ്യം മനസ്സിലാക്കിയിട്ടുണ്ട്. മൈലാഞ്ചിയിട്ട് കയ്യും കാലും ചോപ്പിച്ച് മൊഞ്ചാക്കുന്ന മങ്കമാർക്കും അത് പിടികിട്ടിയിരിക്കുന്നു!

മറ്റു പ്രദേശങ്ങളിലെ ആളുകളെ അപേക്ഷിച്ച് ഉടുമുണ്ട് വെള്ളയാക്കാൻ മലയാളികൾ ശ്രദ്ധിക്കുമെങ്കിലും അവരുടെ വസ്ത്രധാരണത്തിൽ എറിയ പങ്കും ചോപ്പ് കയ്യടക്കിയിരിക്കുന്നു. കുട്ടികളുടെ പട്ടുകോണകവും ഉടുപ്പുകളും സ്ത്രീകളുടെ സാരികളും പുരുഷന്മാരുടെ കുപ്പായങ്ങളും നോക്കുക. ഇവിടെ ആണും പെണ്ണും നെറ്റിയിൽ ചുവപ്പണിയുന്നു. ചെമ്പരത്തികൾ ധാരാളമായി വിരിഞ്ഞു നില്ക്കുന്ന നമ്മുടെ വീട്ടുമുറ്റങ്ങൾ ഈ താല്പര്യം ഉദാഹരിക്കുന്നുണ്ട്. "ചെന്താമര വിരിഞ്ഞ് ചന്തമിയലുന്ന" ഇവിടത്തെ കുളങ്ങളും കാവ്യാന്തരീക്ഷവും അതുതന്നെ ചെയ്യുന്നു.

മണിപ്രവാളത്തിന് മുത്തും പവിഴവും (വെള്ളയും ചുവപ്പും) ചേർന്ന വർണ്ണവൈജാത്യത്തിന്റെ ഭംഗിയാണ് ഉള്ളത് എന്ന് തമിഴൻ കരുതുന്നു. മലയാളിയാകട്ടെ, രണ്ടുതരം ചുവപ്പിന്റെ വർണ്ണൈക്യഭംഗി തരുന്ന മാണിക്യവും പവിഴവുമാണ് അത് എന്ന് വിചാരിക്കുന്നു. വൃത്തമാകുന്ന "ചെന്നൂലി"ന് മേൽ പദം കോർക്കുന്നതിനെപ്പറ്റിയാണ് ലീലാതിലകകാരൻ പറയുന്നത്.

കേരളത്തിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന താളങ്ങളിൽ പ്രമുഖമായ ഒന്നിന്റെ പേര് 'ചെമ്പട' എന്നായത് യാദൃച്ഛികാമവാമെങ്കിലും കൗതുകകരമാണ്. ചെമ്പഴക്ക കൊണ്ട് അതിഥിയെ സ്വീകരിക്കുന്ന കേരളീയാചാരം ഈ നിറത്തിന് ഈ നാട്ടിൽ കിട്ടിയിരുന്ന മാന്യതയുടെ നിദർശനമാണെന്ന് തീർച്ച.

ചുവപ്പിനോടുള്ള ഈ ആഭിമുഖ്യം പോയ കാലത്തിന്റെ സ്മൃതി മാത്രമാണെന്നു കരുതരുത്. ഉത്സവങ്ങളിലെ കൊടിയേറ്റങ്ങളിൽ കണ്ട ചോപ്പ് തന്നെയാണ് പില്ക്കാലത്തെ അധികാരത്തിന്റെ കൊടിയേറ്റങ്ങളിലും കണ്ടത്. ഇന്ത്യയിൽ ആദ്യമായി ചുവന്നത് കേരളത്തിന്റെ കൊടിയാണല്ലോ. അല്ലെങ്കിലും, കേരളീയർക്ക് അധികാരത്തിന്റെ ചിഹ്നം പണ്ടേ ചെങ്കോലായിരുന്നു. ചുവപ്പ് രാജവർണ്ണവുമായിരുന്നു. കേരളത്തിന്റെ പച്ചപ്രകൃതിയിൽ പാറിക്കളിക്കുന്ന ചൊങ്കൊടി വേഗം കണ്ണിൽ പെടും. അതിന് ഈ പശ്ചാത്തലത്തിൽ കൂടുതൽ ഭംഗിയുണ്ട്. ഇത് തന്നെയായിരിക്കാം, ഇവിടത്തെ മിക്ക രാഷ്ട്രീയ പാർട്ടികളുടെയും കൊടിയിൽ ചുവപ്പ് അനിവാര്യമാക്കിയത്.

ഒരു തമാശയായി ഓർക്കുക: വാണിജ്യരംഗത്തെന്ന പോലെ സാഹിത്യരംഗത്തും പിന്നീട് ചലച്ചിത്രരംഗത്തും ഈ കൊച്ചു കേരളത്തെ പ്രസിദ്ധമാക്കിത്തീർത്തത് 'ചെമ്മീനാ'ണ്!

ചുവപ്പിനോടുള്ള ഈ രക്തബന്ധത്തിന് കേരളീയന്റെ സ്വഭാവത്തിൽ തന്നെ വേരുകളുണ്ടായിരിക്കണം. അസുരവാദ്യങ്ങൾകൊണ്ട് മുഖരമാവുന്ന ഉത്സവപ്പറമ്പുകളിലും പോർച്ചുവടുകൾ താണ്ഡവനൃത്തമാടുന്ന കഥകളിപ്പന്തലുകളിലും കളരിപ്പയറ്റിന്റെ പഴമ പാടുന്ന വടക്കൻപാട്ടുകളിലും കത്തിനില്ക്കുന്ന അവന്റെ രൂക്ഷപ്രകൃതി തന്നെയായിരിക്കാം, ഈ രൗദ്രവർണ്ണത്തിന്റെ രാജസസൗന്ദര്യത്തിൽ അവനെ വീണ്ടും വീണ്ടും മുഗ്ധനാക്കുന്നത്. ചുവന്ന പട്ടുകോണകമുടുത്ത് പിച്ചവെക്കുന്നതോടൊപ്പം വീരാളിപ്പട്ടിന്റെയും വീരാളിപ്പാട്ടിന്റെയും ചോരക്കിനാക്കൾ കണ്ട് വളരുന്ന കേരളീയമനസ്സിന് ഹിംസാവാസനയുടെ ഒരുതരം വിരേചനവും ഈ കുരുതിക്കാഴ്ചയിൽ സംഭവിക്കുന്നുണ്ടാകാം. ചോര കാണാനുള്ള പൂതി അവന് ചോപ്പ് കണ്ട് തീരുന്നു.

എല്ലാറ്റിനും പുറമെ, ചുറ്റിലും സുലഭമായി കാണുന്ന പച്ചയിൽ നിന്നും ചോപ്പിലേക്ക് പോവാൻ കേരളീയമനസ്സ് കൗതുകം കാട്ടിയിരിക്കണം. ഈ പച്ചയുടെ മറുഭാഗമാണ് ചോപ്പ്. 'പച്ച' എന്ന പദത്തിലെ 'പ'-'ച്ച' എന്നീ വർണ്ണങ്ങൾ തിരിച്ചിട്ടതു തന്നെയാണ് "ചോ-പ്പ്". പച്ച വെറ്റില മുറുക്കി ചുണ്ട് ചോപ്പിക്കുകയും പച്ച മൈലാഞ്ചി അരച്ചിട്ട് കാലടി ചോപ്പിച്ച് മൊഞ്ചാക്കുകയും ചെയ്യുന്ന മലയാളിമങ്കകൾ ഈ തിരിച്ചിടൽ ഓരോ ദിവസവും ഉദാഹരിച്ച് കാട്ടുന്നുണ്ട്.

മാതൃഭൂമി വാരാന്തപ്പതിപ്പ്, 2 മാർച്ച് 1980.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014